പനചെത്തു തൊഴിലാളികളുടെ നിവേദനം.

* 1485. [28] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനചെത്തു തൊഴിലാളികൾക്ക് ആവശ്യമായ വിറകും, ഈന്തു പാത്രങ്ങളും, കുറഞ്ഞ വിലയ്ക്ക് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് അവരുടെ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഉണ്ട്.

(ബി) അതുസംബന്ധിച്ച് ഖാദിബോർഡുമായി ആലോചിച്ച് വേണ്ട നടപടികളും എടുത്തുവരുന്നു.

ശ്രീ. ടി. ഒ. ബാവ : പനചെത്തു തൊഴിലാളികൾക്ക് കത്തിയും, കയറുമല്ലേ ആവശ്യം? അവർ വിറകും പാത്രങ്ങളും ആവശ്യപ്പെട്ടതെന്തിനാണെന്ന് അറിഞ്ഞാൽ കൊള്ളാം.

(ഉത്തരമില്ല.)

കോഴിവളത്തൽ കേന്ദ്രം.

* 1486. [17] ശ്രീ. സി. കെ. നാരായണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴയിൽ ഒരു 'ഡിസ്ട്രിക്ട് പൌൾട്രി ഫാം' (District Poultry Farm) തുടങ്ങുന്നതിനുള്ള പരിപാടി ഗവണ്മെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ അതു് ഇപ്പോൾ ഏതു പതനത്തിലാണ് എന്നു പറയാമോ ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) ഉണ്ടായിരുന്നു.

(ബി) ലാൻഡ് അക്വിസിഷനുവേണ്ട സംഖ്യ വകയിരുത്തി സാംക്ഷൻ ചെയ്തിട്ടുണ്ട്.

ലോറികൾക്ക് ടെമ്പററി പെർമിറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥൻ.

* 1487. [30] ശ്രീ. എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോറികൾക്ക് ടെമ്പററി പെർമിറ്റ് കൊടുക്കാൻ നിയുക്തനായിട്ടുള്ളതു് ഏതു് ഉദ്യോഗസ്ഥനാണ് ;

(ബി) ആ ഉദ്യോഗസ്ഥൻ മെഴ്സിഡസ് ബെൻസ് എന്ന ലോറികൾക്കുമാത്രം കൃത്യമായും വേഗത്തിലും കൊടുക്കുന്നുള്ളുവെന്നു് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതേക്കുറിച്ചുള്ള അന്വേഷണം നടത്തിയോ ?

LIBRARY ARCHIVES Kerala Legislative Assembly